ആത്മകഥ



സുനിൽ ഉപാസന
8281197641

ഒരു ബധിരന്റെ ആത്മകഥാ കുറിപ്പുകൾ 11

ചിത്രീകരണം - ശ്രീകുമാർ മാവൂർ

# ഈക്വൽ ഓപ്പർച്ചുനിറ്റിയുടെ നാനാർത്ഥങ്ങൾ



Equal opportunity, ഈ പദത്തെ വിക്കിപ്പീഡിയ നിർവചിക്കുന്നത് ഇനി പറയും വിധമാണ്. 'Equal opportunity is a state of fairness in which individuals are treated similarly, unhampered by artificial barriers, prejudices, or preferences, except when particular distinctions can be explicitly justified' (Definition accessed on 06-11-2022).

വളരെ ആകർഷകമായ നിർവചനം തന്നെ. ഒരു ഇന്റർവ്യൂവിനെ സംബന്ധിച്ചാണെങ്കിൽ ഈ നയം ഉദ്യോഗാർഥിയിൽ വളരെ ആത്മവിശ്വാസം ഉണർത്തും. 'ഞാൻ ഒരു നല്ല സാധ്യതയാണ്, എന്നിലേക്കു നോക്കൂ' എന്നു കേഴാതെ തന്നെ കമ്പനികൾ ശ്രദ്ധ പതിപ്പിക്കുന്നുവെങ്കിൽ ഒരു വികലാംഗനായ ഉദ്യോഗാർത്ഥിക്ക് അതിൽ പരം സന്തോഷം എന്തുണ്ട്?

ബാംഗ്ലൂർ നഗരത്തിൽ ഞാനും കുറേ ഈക്വൽ ഓപ്പർച്ചുനിറ്റി തൊഴിൽദാതാക്കളെ കണ്ടു. തൊഴിൽ സംബന്ധമായ എല്ലാ പത്ര, വെബ്സൈറ്റ് പരസ്യങ്ങളിലും അവർ ആ 'തിലകം' ചാർത്തും. മറ്റു ചിലർ അത്ര ആത്മവിശ്വാസം കാണിക്കില്ല. എങ്കിലും ആന്തരികമായി 'തങ്ങളും ഈക്വൽ ഓപ്പർച്ചുനിറ്റി തൊഴിൽദാതാക്കൾ ആണ്' എന്നാണ് വയ്പ്. ശാരീരിക വൈകല്യമുള്ള ഉദ്യോഗാർത്ഥികളോടു കമ്പനിയുടെ സമീപനം എങ്ങനെയാണെന്ന് ഏതെങ്കിലും ജീവനക്കാരനോട് അന്വേഷിച്ചു നോക്കൂ. വിക്കിപ്പീഡിയ നിർവചനം പോലൊരു സുന്ദരപ്രസ്താവന നമുക്കു കേൾക്കാം. അതു സത്യമാണെന്നു പൊതുവെ എല്ലാവരും വിശ്വസിക്കുന്നു. പക്ഷേ മറിച്ചുള്ള അനുഭവങ്ങൾ ധാരാളം നേരിട്ടിട്ടുള്ളതിനാൽ എനിക്കു വിയോജിക്കാതെ വയ്യ.

ഈക്വൽ ഓപ്പർച്ചുനിറ്റി തൊഴിൽദാതാക്കൾ എന്നു പരസ്യമായി പറയുന്ന കമ്പനികൾ സത്യത്തിൽ അങ്ങനെയൊന്നുമല്ല. അവർ നടപ്പിലാക്കുന്ന 'ഈക്വൽ ഓപ്പർച്ചുനിറ്റി'യിൽ വിവേചനം അന്തർലീനമാണ്. ഒരു 'ഓർത്തോപീഡിക്കൽ Vs റെസ്റ്റ് ഓഫ് ടീം' മാച്ച്. അതിൽ, കമ്പനി എന്ന റഫറിയാൽ, റെസ്റ്റ് ഓഫ് ടീം മിക്കപ്പോഴും തോൽപ്പിക്കപ്പെടുന്നു. ഫലം, ഈക്വൽ ഓപ്പർച്ചുനിറ്റി എന്നത് ഓർത്തോപീഡിക്കലി ഹാൻഡിക്കേപ്പ്ഡ് ആയവർക്കും, ഹിയറിംഗ് എയ്ഡ് ഉപയോഗിച്ചാൽ കേൾക്കാവുന്ന 'ശ്രവണന്യൂനത' ഉള്ളവർക്കും മാത്രമായി പരിമിതപ്പെട്ടിരിക്കുന്നു. ബാക്കിയുള്ളവർ എന്നും സഡൺ ഡെത്തിനു വിധേയമാകുന്നു.

ഇതാ അത്തരം ഒരു സഡൺ ഡെത്ത്!

****************

വിശാലമായ പാടശേഖരത്തിന്റെ ഓരത്തുള്ള പാതയിലൂടെ യാത്ര ചെയ്യുന്നത് രണ്ടാമത്തെ തവണയാണ്. ആദ്യസന്ദർശനത്തിൽ ഇതു പൊടിനിറഞ്ഞ ചെമ്മൺപാതയായിരുന്നു. പിന്നീടു ടാറിങ്ങിനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ടെന്നു സൂചിപ്പിച്ച്, റോഡിൽ കരിങ്കല്ലുകൾ ചിതറിക്കിടക്കുന്നുണ്ട്. ഞാൻ സൂക്ഷ്മതയോടെ ബൈക്ക് ഓടിച്ചു.

കട്ടിഗെനഹള്ളിയിൽ ആദ്യസന്ദർശനം നടത്തിയ കാലത്തു ഞാൻ ബാംഗ്ലൂർ നഗരത്തിൽ പുതുമുഖമായിരുന്നു. പലയിടത്തേക്കും യാത്ര പോകുമ്പോൾ മുഖത്തു പരിഭ്രമം പരക്കും. അപരിചിതദേശത്തു പാലിക്കേണ്ട ചിട്ടവട്ടങ്ങളറിയാതെ, റൂമിന്റെ നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങുന്നതിന്റെ ഹാങ്ങോവർ. അല്ലെങ്കിൽ മറ്റേതെങ്കിലും കാരണം.

ബാംഗ്ലൂരിൽ എത്തിയശേഷം ആദ്യം പരിചയപ്പെട്ടത് അടുത്ത റൂമിലുള്ളവരെയാണ്. വർഷങ്ങളായി താമസിക്കുന്ന കൊട്ടാരക്കര സ്വദേശികൾ. കന്നഡഭാഷയും ദേശവും അവർക്കു നല്ലപോലെ പരിചിതം. കാരംസ് കളിച്ച് സമയം പോക്കുന്ന വിരസമായ ഒരു ദിവസം രാജേഷ് അപ്പോൾ തോന്നിയ ആശയം പറഞ്ഞു.


'കട്ടിഗെനഹള്ളിയിൽ പോയി നാടൻകോഴിയും കപ്പയും വാങ്ങുക'

പുഴുങ്ങിയ കപ്പയും കോഴിക്കറിയും. നല്ല വിഭവമാണ്. ബുദ്ധിമുട്ട് ഒന്നേയുള്ളൂ. സ്ഥലം ദൂരെയാണ്. ബാംഗ്ലൂരിന്റെ പ്രാന്തപ്രദേശമായ ഹൊസക്കോട്ടെയിൽ നിന്നും കുറച്ചു ദൂരമുണ്ട്. ബൈക്കുള്ളതിനാൽ ദൂരം പ്രശ്നമല്ലായിരുന്നു. അപ്പോൾത്തന്നെ പോയി വാങ്ങിക്കൊണ്ടു വന്നു. നാടൻ കോഴിയിറച്ചിയുടെ രുചിയേക്കാൾ മനസ്സിൽ തങ്ങിനിന്നത് കട്ടിഗെനഹള്ളിയുടെ മനോഹാരിതയാണ്. നഗരത്തിന്റെ കരാളഹസ്തം എത്തിയിട്ടില്ലാത്ത സുന്ദരിയായ ഉൾപ്രദേശം. വിശാലമായ വയലുകൾ, തഴച്ചുവളർന്ന തക്കാളിച്ചെടികൾ, തണ്ണിമത്തനുകൾ, മറ്റു പച്ചക്കറികൾ. അവയുടെ പച്ചപ്പും ഉന്മേഷഭാവവും. അത് സന്തോഷം നൽകിയ യാത്രയായിരുന്നു. വീണ്ടുമെത്തുമെന്നു തീർച്ചപ്പെടുത്താൻ അധികം ആലോചിച്ചില്ല. സമയവും കാലവും ഒത്തുവന്നത് ഇപ്പോൾ മാത്രം. നഗരം തരിശാക്കിയ മൂന്നു വർഷങ്ങൾക്കു ശേഷം.

ടിൻഫാക്ടറി ജംങ്ഷനിലെ ഇന്റർനെറ്റ് കഫെയിൽനിന്ന് ഇറങ്ങുമ്പോൾ വേനൽമഴ പെയ്തേക്കുമെന്നു സൂചിപ്പിച്ചു കാർമേഘങ്ങൾ ആകാശത്ത് അണിനിരക്കുന്നത് കണ്ടു. കുറച്ചു ദിവസമായി അതു പതിവാണ്. ചുട്ടുപഴുത്തു കിടക്കുന്ന മണ്ണിലേക്കു പെയ്യുക അപൂർവ്വവും. എങ്ങോട്ടു പോകണമെന്ന കാര്യത്തിൽ എനിക്കു തീരുമാനമെടുക്കാനായില്ല. മുറിയിലേക്കില്ലെന്നു മാത്രം ഉറപ്പിച്ചു. ഇന്റർനെറ്റ് കഫേയുടെ വീതിയില്ലാത്ത ഗോവണിക്കു താഴെ, പൂക്കടക്കു മുന്നിൽ കുറേ തണ്ണിമത്തനുകൾ കൂട്ടിയിട്ടിരിക്കുന്നത് ഞാൻ കണ്ടു. പച്ചയും വെള്ളയും ഇടകലർന്ന തണ്ണിമത്തന്റെ കാഴ്ച ഓർമകളെ തട്ടിയുണർത്തി. ചെമ്മൺപാതയും, ചുറ്റുമുള്ള പച്ചപ്പും മനസ്സിൽ തെളിഞ്ഞു. പിന്നെ അമാന്തിച്ചില്ല. കേബിൾ ബ്രിഡ്ജിലേക്കു ബൈക്ക് പ്രവേശിക്കുമ്പോൾ ബസ് കാത്തുനിൽക്കുന്ന ഗ്രാമീണരെ കണ്ടു. കട്ടിഗെനഹള്ളിയെ പച്ചപ്പുതപ്പ് അണിയിക്കുന്നവർ.

കെആർ പുരം കഴിഞ്ഞാൽ സിഗ്നൽ ക്രോസുകൾ ഇല്ല. റോഡ് സാവധാനം വിജനമായി മാറും. കോളാറിലേക്കുള്ള നാലുവരിപ്പാതയുടെ നിർമ്മാണം നടക്കുന്നതിനാൽ ഗതാഗതം പലവഴിയിലൂടെ വഴിതിരിച്ചുവിട്ടിട്ടുണ്ട്. റോഡ് പതിവിലേറെ വിജനം. ഹൊസക്കോട്ട കഴിഞ്ഞതോടെ ബൈക്ക് മെയിൻറോഡിൽ നിന്നിറങ്ങി. ഞാൻ കൂടുതൽ വേഗമെടുത്തു. മനസ്സിന്റെ പാച്ചിലിന് അതിലും വേഗമായിരുന്നു. ഭൂതകാലത്തേക്കു നടത്തുന്ന കൂപ്പുകുത്തൽ അല്ലെങ്കിലും അങ്ങനെയാണ്. ജലോപരിതലത്തിൽവന്നു മുഖംകാണിച്ചു ആഴങ്ങളിലേക്കു കുതിക്കുന്ന മത്സ്യങ്ങൾക്കു സമാനം.

""U attend it. Don't run away this time."



ജിത്തുവാണ് നിർബന്ധിപ്പിച്ച് അയച്ചത്. നേരിൽ നല്ല പരിചയമില്ലാതിരുന്നിട്ടും അദ്ദേഹം താല്പര്യമെടുത്തു. ആദ്യത്തെ ഇന്റർവ്യൂ സമയക്കുറവ് മൂലം പങ്കെടുക്കാതെ ഒഴിവാക്കിയപ്പോൾ ശകാരത്തോടെ, സ്നേഹപൂർണമായ നിർബന്ധം. ഒഫീഷ്യലായി റഫർ ചെയ്യുകയും ചെയ്തു. അദ്ദേഹം അയച്ച ഇമെ

യിലിൽ ഒരു സ്മൈലിയുണ്ടായിരുന്നു. അതെന്റെ മുഖത്തും വിരിഞ്ഞു. ഇന്റർവ്യൂവിനു ശേഷവും പുഞ്ചിരി മുഖത്തു തുടർന്നു. സുഹൃത്തിന്റെ ആത്മവിശ്വാസം അഭിമുഖം നടത്തിയ ടെക്നിക്കൽ എക്സിക്യൂട്ടീവും പകർന്നു തന്നിരുന്നു. പൂരിപ്പിച്ച എംപ്ലോയ്മെന്റ് ആപ്ലിക്കേഷൻ ഫോം കൊടുക്കുമ്പോൾ അദ്ദേഹം എന്നെ അറിയിച്ചു.



""We will contact you soon."

ഞാൻ ഒരു പെട്ടിക്കടക്കു മുന്നിൽ ബൈക്ക് നിർത്തി. സത്യത്തിൽ അതിനെ കടയെന്നു വിശേഷിപ്പിക്കാൻ പറ്റില്ല. ഒരു ഉന്തുവണ്ടിയിൽ സജ്ജീകരിച്ചിരിക്കുന്ന, മുക്കാലും ഒഴിഞ്ഞ, കുറച്ചു പലഹാരക്കുപ്പികൾ. മുകൾവശത്തെ കമ്പിയിൽ തൂങ്ങുന്ന പല ബ്രാൻഡിലുള്ള പാൻമസാലകൾ. അവയാണ് പ്രധാന കച്ചവടം. പാനീയങ്ങൾ കിട്ടുമെന്നു തോന്നിയില്ല. അറിയാവുന്ന ഹിന്ദിയിൽ അന്വേഷിച്ചു.

''ജി പാനി കഹാം മിലേഗാ?''

ഇതുവഴി യാത്രക്കാർ കുറച്ചേ വരാറുള്ളൂ. എന്നിട്ടും ഒരു കസ്റ്റമറെ നഷ്ടപ്പെട്ട വിഷമം കടക്കാരൻ പുറത്തു കാണിച്ചില്ല. അകലെയുള്ള വളവിനുനേരെ അദ്ദേഹം കൈചൂണ്ടി. നീണ്ട പാതയാണ്. അവിടെ കടകളുടെ ലാഞ്ചന പോലുമില്ല.

''ഉധർ!'' ഞാൻ അൽഭുതപ്പെട്ടു.

''ഉധർ ഏക് ദൂകാൻ ഹൈ. തും ചലോ''

ഒന്നു സംശയിച്ചശേഷം പുറപ്പെട്ടു. അല്ലെങ്കിലും ആ വഴിയിലൂടെയും പോകാനുള്ളതല്ലേ. പിന്നെന്തിനു സന്ദേഹിക്കുന്നു. ഞാൻ തിരികെ വണ്ടിയിൽ കയറി.

കടക്കാരൻ ചൂണ്ടിക്കാണിച്ച വളവിൽ നാലു ചെറിയ കടകളുണ്ടായിരുന്നു. മൂന്നും പൂട്ടിയ നിലയിൽ. നാലാമത്തേത് ഇങ്ങോട്ടേക്കു വഴിപറഞ്ഞു തന്ന വൃദ്ധന്റേതുപോലെ പെട്ടിവണ്ടിയിൽ സജ്ജീകരിച്ച പാൻഷോപ്പാണ്. അവിടെയൊരു തടിച്ച പയ്യനിരുന്ന് ഉറക്കം തൂങ്ങുന്നു. നാലുകടകളിൽ നിന്നും കുറച്ചുമാറിയാണ് ഇളനീർ കച്ചവടം. നാലഞ്ച് മെടഞ്ഞ തെങ്ങോലകൾക്കു മുളങ്കാൽകൊണ്ടു താങ്ങു കൊടുത്തിരിക്കുന്നു. അതിന്റെ തണലിൽ അഞ്ചാറു കരിക്കിൻകുലകൾ. കുറച്ചുനീങ്ങി പനയോല മേഞ്ഞ ഒറ്റമുറിയുടെ വലുപ്പം മാത്രമുള്ള ചെറിയ കുടിൽ. കരിക്കിൻ കുലകളുടെ സ്റ്റോർ റൂം. കുടിലിന്റെ വരാന്തയിലേക്കു ചിതൽപറ്റങ്ങൾ പടർന്നു കയറിയിരുന്നു. അവിടെ ആരും സ്ഥിരം താമസമില്ലെന്നു വ്യക്തം. കുടിലിനു മുന്നിൽ വരാന്തയോടു ചേർന്നു കഷ്ടിച്ചു രണ്ടുപേർക്കിരിക്കാവുന്ന പൊക്കം കുറഞ്ഞ കരിങ്കൽ ബെഞ്ച്. ചെത്തിമിനുക്കാത്ത അതിന്റെ പ്രതലത്തിൽ കോഴിക്കാഷ്ഠത്തിന്റെ അവശിഷ്ടങ്ങൾ വെള്ള, ചാരനിറത്തിൽ ഉണക്കിപ്പിടിച്ചിട്ടുണ്ട്.

ഞാൻ ചുറ്റും കണ്ണോടിച്ച് കുടിലിന്റെ പിൻഭാഗത്തു ചെന്നു. അവിടെ ആരുമില്ല. അന്വേഷിക്കാൻ മിനക്കെടാതെ ഞാൻ കരിങ്കൽ ബെഞ്ചിൽ വന്നിരുന്നു. റോഡിനപ്പുറം, എതിർവശത്തു മൈതാനമാണ്. ചില ഭാഗങ്ങളിൽ വെയിലേറ്റു വാടിയ പുൽപ്പരപ്പുകൾ. വിജനമായ മൈതാനത്തു ചെറിയ ചുഴലിക്കാറ്റുകൾ രൂപം കൊള്ളുന്നുണ്ട്. അവ വേഗം ഉയരുകയും അതിനേക്കാൾ വേഗം നിലംപറ്റുകയും ചെയ്തു. ഏതെങ്കിലുമൊരു ചുഴലിക്കാറ്റ് വലിപ്പമാർജ്ജിച്ച് എന്നെയും കൊണ്ടുപോകുമോ? എന്തും സംഭവിക്കാം. കരുതിയിരുന്നോളൂ. അനുഭവങ്ങൾ അതാണ് പഠിപ്പിക്കുന്നത്.

"Sorry Sunil. They already selected a guy. So you have less chance now."

ഒരുമണിക്കൂർ മുമ്പ് ഇന്റർനെറ്റ് കഫെയിലിരുന്നു ജിത്തുവിന്റെ ഇമെയിൽ വായിച്ചപ്പോൾ, മനസ്സിൽ അത്രനാൾ കൂടെ കൊണ്ടുനടന്നിരുന്ന ഒരു ഉറച്ച വിശ്വാസം തകർന്നു വീണതിന്റെ അവിശ്വസനീയതയുണ്ടായിരുന്നു. EGL ബിസിനസ് പാർക്കിലെ കമ്പനിയിൽ ഇന്റർവ്യൂ നേരിടുമ്പോൾ പുറത്തു കനത്ത മഴയായിരുന്നു. കട്ടിച്ചില്ലിലൂടെ ഒലിച്ചിറങ്ങുന്ന വെള്ളച്ചാലുകൾ പുറത്തുള്ള ദൃശ്യങ്ങളെ വികലമാക്കി. അതിനിടയിലാണ് ഇന്റർവ്യൂ ചെയ്ത സാർ ചോദ്യശരങ്ങളെറിഞ്ഞത്. ഞാൻ ഒട്ടും പതറിയില്ല. മനസ്സിൽ ആത്മവിശ്വാസം വേണ്ടുവോളമായിരുന്നു.

മഴ എന്നുമൊരു ശുഭസൂചനയായിരുന്നു. ജീവിതത്തിൽ സംഭവിച്ചിട്ടുള്ള പല നല്ല സംഭവങ്ങളിലും എ

നിക്കു കൂട്ടായി മഴയുണ്ടായിരുന്നു. അന്നേവരെ ചതിച്ചിട്ടില്ലാത്ത ഉറ്റചങ്ങാതി. അവനെ വലിയ വിശ്വാസമായിരുന്നു. അതൊക്കെയാണ് കുറച്ചു മുമ്പ് തകർന്നു വീണത്. ഞാൻ ആശ്വസിച്ചു. തകരട്ടെ. ഇന്നുവരെ ശരിയെന്നു കരുതിയ വിശ്വാസപ്രമാണങ്ങൾ എല്ലാം തകർന്നു വീഴട്ടെ. അവയുടെ അടിത്തറയിൽ പുതിയ മിഥ്യാധാരണങ്ങൾ ഉയരട്ടെ. വിശ്വസിക്കാൻ വേണ്ടി മാത്രം പുതിയ വിശ്വാസങ്ങൾ രൂപംകൊള്ളട്ടെ.

മൈതാനത്തു കണ്ണുനട്ടിരുന്ന എനിക്കുമുന്നിൽ ഒരു അക്ക പ്രത്യക്ഷപ്പെട്ടു. അവർ ചോദിച്ചു.

''എന്ത് വേണം?''

അരയുടെ ഒടിവിൽ തുളുമ്പുന്ന മൺകുടം. ഇടുപ്പിനു താഴോട്ടു വെള്ളം നനഞ്ഞ മുഷിഞ്ഞസാരി ദേഹത്തോട് ഒട്ടിക്കിടക്കുന്നു. കടുത്ത ചൂടിൽ വിയർത്ത അക്കയുടെ മുഖത്തിനു വല്ലാത്ത മുറുക്കമുണ്ട്. ഞാൻ കരിക്കിൻകുലയ്ക്കു നേരെ വിരൽചൂണ്ടി. മൺകുടമേന്തി അക്ക കുടിലിനകത്തു പോയി. ഉച്ചവെയിലിന്റെ ചൂട് ശരീരത്തിലേക്കു അരിച്ചു കയറി.

''നീയെന്താ ഒന്നും മിണ്ടാത്തത്?''

നാട്ടിൽവച്ചു ആത്മസുഹൃത്താണ് ചോദിച്ചത്. ഞങ്ങൾ പുഴക്കരയിൽ ഇരിക്കുകയായിരുന്നു. ഏറെനേരം നീണ്ടുനിൽക്കാറുള്ള എന്റെ മൗനങ്ങൾ അവനു പരിചിതമാണ്. എങ്കിലും ഇത്തവണ മനസ്സിലെന്തോ ഒളിപ്പിക്കുന്നതിന്റെ മുന്നോടിയാണ് മൗനമെന്നു മനസ്സിലാക്കിയിരിക്കണം.

''എല്ലാം കരയ്ക്കണയാൻ പോകുന്നു സഖേ'' ഞാൻ പറഞ്ഞു.

ജോലിയെപ്പറ്റിയാണെന്ന് അവനു തീർച്ച. ''ഉറപ്പായോ.''

''ഇല്ല. പക്ഷേ ഉറപ്പാകുമെന്നാണ് പറഞ്ഞത്.''

''ആര്?''

''റഫർ ചെയ്ത സുഹൃത്ത്.''

കാലിൽ ഒരു തണുത്ത സ്പർശം. ഒപ്പം കരിങ്കല്ലിൽ വെള്ളം വീഴുന്ന ശബ്ദവും കേട്ടു. കുടിലിനുള്ളിൽ നിന്നാണ്. കുടിലിന്റെ മൂലയിലൂടെ വെള്ളം ഒലിച്ചുവന്ന് എന്റെ കാലിൽ തൊട്ടു. കാലിരിക്കുന്ന ഭാഗത്തെ ചെറിയ കുഴിയിൽ വെള്ളം തളംകെട്ടി. ഞാൻ കാലുകൾ അതിൽ ഇറക്കിവച്ച്, വെറുതെ അങ്ങോട്ടുമിങ്ങോട്ടും ഇളക്കി. ഏതാനും തവണ ആവർത്തിച്ചപ്പോൾ വെള്ളത്തിനു മീതെ പത ഉയർന്നു. കാരസോപ്പിന്റെ നേരിയ പത.

ഓലഷെഡിന്റെ വാതിൽ ഉണ്ടാക്കിയിരിക്കുന്നത് പനയോല മുളയോടു ചേർത്തുകെട്ടിയാണ്. മേൽക്കൂരയും പനയോല തന്നെ. തെങ്ങോലകളേക്കാളും കൂടുതൽ കാലം നിലനിൽക്കും. പോരാതെ മഴയെ പ്രതിരോധിക്കാനുള്ള സവിശേഷ സാമർത്ഥ്യവും. വാതിലൊഴിച്ചുള്ള ചുമർഭാഗം മെടഞ്ഞ തെങ്ങോലകൊണ്ട് അധികം കട്ടിയില്ലാതെ കെട്ടിയതാണ്. പുറത്തുനിന്നു നോക്കിയാൽ ഉൾഭാഗം കുറച്ചൊക്കെ കാണാം. മറിച്ചും അങ്ങനെ തന്നെ.

വാതിൽ നിരക്കി നീക്കി അക്ക മുന്നിലെത്തി. മുഖത്ത് അതുവരെയുണ്ടായിരുന്ന കാഠിന്യം അപ്രത്യക്ഷമായിരുന്നു. മുഖവും കൈകളും വെള്ളമൊഴിച്ചു കഴുകിയിട്ടുണ്ട്. മുഖത്തിന് അഴക് കൊടുത്ത് ചെന്നിയിൽ ഏതാനും മുടിയിഴകൾ ഒട്ടിയിരിക്കുന്നു.

കരിക്കുകുലയിൽ ചാരിവച്ചിരുന്ന മടവാൾ കയ്യിലേന്തി അക്ക ചോദ്യഭാവത്തിൽ നോക്കി. 'ഏതു കരിക്ക് വേണം?' ഞാൻ അത്ര വലുതല്ലാത്ത ഒന്നിനുനേരെ വിരൽചൂണ്ടി. അതു തൊട്ടുമുന്നിലായിരുന്നു. അതിലെ വെള്ളത്തിനു മധുരമുണ്ടാകില്ല. എന്നിട്ടും എന്റെ കൈ അതിനുനേരെ നീണ്ടു. അക്ക എനിക്കു മുന്നിൽ കുനിഞ്ഞു.

മൂന്നു വെട്ടുകൊണ്ടു അക്ക കരിക്കിന്റെ മൂടുചെത്തി. ഇളനീർ എനിക്കു മുന്നിൽ നിറഞ്ഞു തുളുമ്പി.

അക്ക പറഞ്ഞു ''സ്ട്രോ ഇല്ല.''

അതു കാര്യമാക്കിയില്ല. വേനലിൽ ബാംഗ്ലൂർ നഗരത്തിന്റെ മുക്കിലും മൂലയിലും ഇളനീർ കച്ചവടമുണ്ടാകും. സൈക്കിളിന്റെ തണ്ടിൽ ഒരുപിടി കരിക്കിൻകുലകളുമായി നഗരപ്രാന്ത പ്രദേശങ്ങളിൽനിന്നു വരുന്ന പാവപ്പെട്ട ഗ്രാമീണരാണ് ഏറെയും. കസ്റ്റമർ സപ്പോർട്ട് ജോലിക്കായി നഗരത്തിലൂടെയുള്ള അലച്ചിലിനിടയിൽ പലതവണ ഇളനീർ കുടിച്ചിട്ടുണ്ട്. ഒരിക്കലും സ്ട്രോ ഉപയോഗിച്ചിട്ടില്ല. വായിലൂടെ ഒലിച്ചിറങ്ങുന്ന ഇളനീർ ചാലുകൾക്കു നാടിന്റെ ഓർമയുണർത്താൻ പര്യാപ്തമായ തണുപ്പുണ്ടാകും.

ഞാൻ കരിക്ക് കൈനീട്ടി വാങ്ങി, കൽബെഞ്ചിൽ ഇരുന്നു. കുറച്ചകലെ അക്കയും കാലുകൾ നീട്ടിവച്ച്, മുളങ്കോലിൽ ചാരിയിരുന്നു. അക്ക വാടിയ വെറ്റിലയെടുത്ത് ചുണ്ണാമ്പുതേച്ചു വായിൽതള്ളി. ചൂണ്ടുവിരലിന്റെ അഗ്രത്തിൽ പറ്റിപ്പിടിച്ച ചുണ്ണാമ്പുതരികൾ സാരിയിൽ തുടച്ചു. കരിക്കു മൊത്തുന്നതിനിടയിൽ ഞാൻ എല്ലാം ഒളികണ്ണിട്ടു നോക്കിക്കണ്ടു.

അപരിചിതരുടെ സാമീപ്യവും അവരുമായുള്ള സഹവാസവും ചില സാഹചര്യങ്ങളിൽ എനിക്ക് ഏറെ ഇഷ്ടമാണ്. എനിക്ക് അവരോടു എല്ലാം തുറന്നു പറയാം. സങ്കടങ്ങളും, സന്തോഷവും, പരിഭവങ്ങളും.... അങ്ങനെ എല്ലാം. അതോടെ എന്റെ മാനസിക സംഘർഷം അവരുടേതു കൂടിയാവുകയാണ്. മറ്റൊരാൾ കൂടി വിഷമിക്കുന്നുവെന്നു ക്രൂരമായ അറിവിൽ എന്നിലെ സംഘർഷം കുറയും. എങ്കിലും അപരിചിതർ എന്നും അപരിചിതരായി തുടരില്ലല്ലോ. ഒരിക്കൽ അവരും പരിചയക്കാർ ആകും. അപ്പോൾ, അടുത്ത അപരിചിതർ വരുന്നതുവരെ ഞാൻ ക്ഷമാപൂർവ്വം കാത്തിരിക്കും. ഇനിയിപ്പോൾ ഇതാ അക്കയുടെ ഊഴമാണ്.

ഞാൻ ചോദിച്ചു. ''എന്താ പേര്, അക്കാ?''

''സത്യ.''

ഞാൻ പിന്നെ കുറച്ചുനേരം മിണ്ടിയില്ല. സംസാരം എങ്ങനെ ആരംഭിക്കണം എന്ന കാര്യത്തിൽ എനിക്ക് അവ്യക്തത തോന്നി.

ഒരു മിനിറ്റു കഴിഞ്ഞു. അക്ക അലക്ഷ്യമായി ചോദിച്ചു. ''എവിടേക്കാ യാത്ര?''

ഞാൻ ആലോചിച്ചു. എവിടേക്കാണ് യാത്ര തുടങ്ങിയത്? ആശ്വാസം ലഭിക്കുന്ന ഒരിടത്തേക്ക് ആയിരുന്നില്ലേ യാത്ര? ഇപ്പോഴാണെങ്കിൽ ഞാൻ ഒരു അപരിചിതയോടൊപ്പം ആണ്. അപരിചിത/ൻ എന്നാൽ ആശ്വാസം എന്നാണ് എനിക്ക് അർത്ഥം.

ഞാൻ പറഞ്ഞു: ''ലക്ഷ്യമില്ലാത്ത യാത്രയായിരുന്നു അക്ക. എന്നാൽ ഇപ്പോൾ മനസ്സിലാകുന്നു, ഇവിടമായിരുന്നു ലക്ഷ്യമെന്ന്.''

''ഹഹഹ, കൊള്ളാം'' ചിരി നിർത്താതെ അക്ക കൂട്ടിച്ചേർത്തു. ''മിടുക്കൻ.''

മിടുക്കൻ! ആ വാചകത്തിന്റെ പ്രതിധ്വനി എനിക്കു ചുറ്റും നിറഞ്ഞു. ഇതു തന്നെയാണ് അന്നും കേട്ടത്. അഭിമുഖത്തിനു ശേഷം ഇന്റർവ്യൂവർ എന്നെ അഭിനന്ദിച്ചു. 'You are a smart guy'.

എനിക്ക് എന്തെന്നില്ലാത്ത ഉറപ്പു തോന്നി. ഈ ജോലി കിട്ടിയത്

തന്നെ. ബസ് കാത്തു നിൽക്കുമ്പോൾ ഞാൻ നാട്ടിലേക്കു വിളിച്ചു. ജ്യേഷ്ഠനോട് ആവേശത്തോടെ എല്ലാം പറഞ്ഞു. അപ്പുറത്തു കനത്ത നിശബ്ദത മാത്രം. അനുജന് ആശ കൊടുക്കുന്നവരെ ജ്യേഷ്ഠൻ എന്നും ഭയന്നിരുന്നു. കാലം പഠിപ്പിച്ചത് അതാണ്. കാലം പഠിപ്പിക്കുന്നതും അതാണ്.

ജ്യേഷ്ഠൻ മന്ത്രിച്ചു. ''ഇപ്പോൾ ഒന്നും ഉറപ്പിക്കണ്ട... സമയമാകട്ടെ.''

ഞാൻ കൽബെഞ്ചിൽ ഒന്ന് അനങ്ങിയിരുന്നു. ആകാശത്തേക്കു നോക്കി. വെയിലിനു ഭാവമാറ്റം വരികയാണ്. സൂര്യപ്രകാശത്തിന്റെ തീവ്രത കുറഞ്ഞിരിക്കുന്നു. മൈതാനത്തുനിന്നു വരുന്ന കാറ്റിനു വേനലിനു ചേരാത്ത ഊഷ്മളത.

ഒരു മിനിറ്റിനു ശേഷം കുടിലിന്റെ പനയോല മേഞ്ഞ മേൽക്കൂരയിൽ എന്തോ താളാത്മകമായി വന്നുവീണു. ആരെങ്കിലും വളപ്പൊട്ടുകൾ വാരിവിതറിയോ? ഞാൻ കാതോർത്തു ശ്രദ്ധിച്ചു. ഒട്ടുനേരത്തെ നിശബ്ദത. അതിനുശേഷം വീണ്ടും അതേ താളങ്ങളുടെ കുറച്ചുകൂടി ദീർഘമായ ആവർത്തനം. താളം മുറുകുന്ന പഞ്ചാരി പോലെ നാലഞ്ചു തവണ ഇത് ആവർത്തിച്ചു. ഒടുവിൽ പനയോലയിൽ മഴത്തുള്ളികൾ തുടരെ വന്നു പതിച്ചു. ഇടവേളയില്ലാതെ താളം മുറുകി. നീണ്ട യാത്രയ്ക്കു ശേഷം കൂടണഞ്ഞ ആഹ്ലാദത്തിൽ മഴത്തുള്ളികൾ നാലുപാടും ചിതറിത്തെറിച്ചു. അവയുടെ അനാദിയായ തണുപ്പിൽ പ്രകൃതി ആശ്വാസം കൊണ്ടു. അക്ക എഴുന്നേറ്റു മഴയിലേക്കു ഇറങ്ങി.

"Sorry Sunil. They already selected a guy. So you have less chance now. And, unfortunately I failed to track the reason for rejection."

ഒട്ടും പ്രതീക്ഷിക്കാത്ത അശുഭവാർത്തയാണ് കുറച്ചുമുമ്പ് ജിത്തുവിന്റെ ഇമെയിലിൽ വായിച്ചത്. അര മിനിറ്റോളം തല മരവിച്ച് ഇരുന്നു പോയി. അത്ര നെഗറ്റീവ് ന്യൂസ്. എന്നിട്ടും ഇമെയിലിൽ അവസാനം കണ്ട കൂട്ടിച്ചേർക്കൽ എന്നെ ചിരിപ്പിച്ചു. ഈയിടെയായി ഓപ്പർച്ചുനിറ്റി തൊഴിൽദാതാക്കളും പതിവുകൾ തെറ്റിച്ചില്ലല്ലോ. അതോർത്തപ്പോൾ പിടിച്ചു നിൽക്കാനായില്ല. വെറുതെ ചിരിച്ചു. അതിനുപിന്നിലെ മനഃശാസ്ത്രം എത്ര ആലോചിച്ചിട്ടും മനസ്സിലായതുമില്ല. 'ജീവിതം' എന്ന മൂന്നക്ഷരങ്ങളുള്ള വാക്കിനു മനുഷ്യനെ പലതും പഠിപ്പിക്കാൻ സാധിക്കും. അതും വളരെ പെട്ടെന്ന്. ആത്മവിശ്വാസത്തിന്റെ കൊടുമുടിയിൽ നിൽക്കുന്നവനെ ഒരു മിനിറ്റിനുള്ളിൽ തകർത്തു കളഞ്ഞ്, പൊള്ളയായി ചിരിപ്പിക്കുകയും ചെയ്യും.

മഴയത്തു നിന്ന് കരിക്കിൻ കുലകൾ താങ്ങിയെടുത്തു അക്ക തിരിച്ചുവന്നു. എന്റെ നിറഞ്ഞ കണ്ണുകൾ കണ്ടു അക്ക അന്വേഷിച്ചു. "എന്ത് പറ്റി?"

ഞാൻ മിണ്ടിയില്ല. അക്ക ആവർത്തിച്ചു. "പറയൂ..."

ഞാൻ ഒന്നും പറയാതെ കരിങ്കൽ ബെഞ്ചിൽ നിന്ന് എഴുന്നേറ്റു. മഴയിലേക്കിറങ്ങി ബൈക്കിനു നേരെ നടന്നു. അപരിചിതന്റെ ദുഃഖം ഏറ്റുവാങ്ങാതെ അക്ക അങ്ങനെ രക്ഷപ്പെട്ടു.

(തുടരും)